"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2024-25 - സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി കോഴിക്കാട് ജില്ലയിലെ കൊട്ടുവള്ളി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി കെടവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.112/2026/RD തീയതി,തിരുവനന്തപുരം, 15-01-2026

---

പരാമർശം:-

1. 24.06.1970 തീയതിയിലെ സ.ഉ.(കൈ)നം. 202/70/എൽആർഡി നമ്പർ സർക്കാർ ഉത്തരവ്.
2. 24.01.2025 തീയതിയിലെ സ.ഉ.(സാധാ)നം.197/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.09.2025 തീയതിയിലെ LR/855/2025-LR(M2)-Part(2) നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.11.2025 തീയതിയിലെ LR/11539/2025-LR(M2) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊട്ടുവള്ളി വില്ലേജിൽ കൊട്ടുവള്ളി ദേശത്ത് റി.സ. 55/4 ൽ പെട്ട 18 സെന്റ് ഭൂമി പരാമർശം 1 പ്രകാരം കൊട്ടുവള്ളി പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിനായി, കൈമാറിയ ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ പ്രസ്തുത ഭൂമി യാതൊരു നഷ്ടപരിഹാരവും നൽകാതെ സർക്കാർ തിരികെ എടുക്കുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, സൗജന്യ നിരക്കിൽ കൊട്ടുവള്ളി പഞ്ചായത്തിന് കൈമാറിയിരുന്നതാണെന്നും എന്നാൽ കൈമാറ്റ വ്യവസ്ഥകൾ ലംഘിച്ചതിനാൽ (വാണിജ്യാവശ്യത്തിനായി കെട്ടിടങ്ങൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു) പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നുണ്ടെന്നും കൊട്ടുവള്ളി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ കൊട്ടുവള്ളി വില്ലേജ് ഓഫീസിന് പരാമർശം 2 പ്രകാരം നൽകിയ ഭരണാനുമതി കെടവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കണമെന്നും പരാമർശിത ഭൂമി തിരികെ ഏറ്റെടുക്കുന്ന മുറയ്ക്ക് കൊട്ടുവള്ളി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പ്രൊപ്പോസൽ ജില്ലയിൽ നിന്ന് ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നുമുള്ള വിവരം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 & 4-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണർ

സമർപ്പിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണത്തിനായി കോഴിക്കോട് ജില്ലയിലെ കൊടുവള്ളി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി കെടവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 16-01-2026 11:19:43